(ബി) ശ്രീ. പി. യു. ഷാജുവിന്റെ അപേക്ഷയിൻമേൽ അടിയന്തരമായി ധനസഹായം അനുവദിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ശ്രീ. എം.എസ്.നിഷാദിന്റെ അപേക്ഷ തുടർനടപടികൾ എടുക്കാൻ വേണ്ടി തൃശ്ശൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് 4-11-2015-ൽ അയച്ചുകൊടുത്തിട്ടുണ്ട്. തൃശ്ശൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസറുടെ റിപ്പോർട്ട് അടുത്ത സംസ്ഥാനതല കമ്മറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് തുക അനുവദിക്കാവുന്നതാണ്.

കാരുണ്യ ഫണ്ടിലേയ്ക്കുള്ള സംഭാവന

139 (145) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖല, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ടിൽ നിന്ന് കാരുണ്യ ഫണ്ടിലേക്ക് സംഭാവന സ്വീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതുവരെ ഏതെല്ലാം സ്ഥാപനങ്ങളിൽനിന്ന് സഹായം നേടുകയുണ്ടായിട്ടുണ്ട് ; ഏതെല്ലാം സ്ഥാപനങ്ങൾ ഇതിനകം സഹായം നൽകുകയുണ്ടായിട്ടുണ്ട്, വിശദമാക്കാമോ ?

ഉത്തരം

(എ) പൊതുമേഖല, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ടിൽ നിന്ന് കാരുണ്യ ഫണ്ടിലേയ്ക്ക് സംഭാവന സ്വീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ നിന്നും 50,00,000 രൂപ 2015 സെപ്റ്റംബർ മാസത്തിൽ കാരുണ്യ ഫണ്ടിലേയ്ക്ക് സംഭാവനയായി ലഭിച്ചിട്ടുണ്ട്. വിജയാ ബാങ്കിൽനിന്നും 2 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ചികിത്സാ ധനസഹായം

140 (146) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാരുണ്യ ബെനെവലന്റ് ഫണ്ടിൽനിന്നും ഇതു വരെ എത്ര കോടി രൂപയുടെ ചികിത്സ സഹായം നൽകിയിട്ടുണ്ട് ?

ഉത്തരം

സർക്കാർ ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ, സമാശ്വാസ ചികിത്സ, ഹോമോഫീലിയ എന്നീ വിഭാഗങ്ങളിലായി 656.91 കോടി രൂപ ധനസഹായം നൽകി.

LIBRARY ARCHIVES Kerala Legislative Assembly